# ബ്രാഹ്മണ ജന്മത്തിന്റെ സ്മൃതികളിലൂടെ സമർത്ഥരായി സർവ്വരെയും സമർത്ഥമാക്കൂ

ഇന്ന് നാനാ ഭാഗത്തെയും സർവ്വസ്നേഹിക്കുട്ടികളുടെയും സ്നേഹത്തിന്റെ മധുര മധുരമായ ഓർമ്മയുടെ ഭിന്നഭിന്നമായ വാക്കുകൾ സ്നേഹത്തിന്റെ മുത്തുമാലകൾ ബാപ്ദാദയുടെ അടുക്കൽ അമൃതവേളയ്ക്ക് മുമ്പേ മുതൽ എത്തിച്ചേർന്നു. കുട്ടികളുടെ സ്നേഹം ബാപ്ദാദയെയും സ്നേഹത്തിന്റെ സാഗരത്തിൽ അലിയിക്കുന്നു. ബാപ്ദാദ കണ്ടു ഓരോ കുട്ടികളിലും സ്നേഹത്തിന്റെ ശക്തി മുറിയാത്തതാണ്. ഈ സ്നേഹത്തിന്റെ ശക്തി ഓരോ കുട്ടികളെയും സഹജയോഗിയാക്കിക്കൊണ്ടിരിക്കുന്നു. സ്നേഹത്തിന്റെ ആധാരത്തിൽ സർവ ആകർഷണങ്ങളിൽ നിന്നും ഉപരാമമായി മുന്നോട്ടു മുന്നോട്ടുയരുകയാണ്. ആർക്കാണോ ബാപ്ദാദയിലൂടെ അഥവാ വിശേഷ ആത്മാവിലൂടെ വേറിട്ട പ്രിയപ്പെട്ട സ്നേഹത്തിന്റെ അനുഭവം ഉണ്ടാകാത്തതായി ഒരു കുട്ടിയെ പോലും കണ്ടില്ല. ഓരോ ബ്രാഹ്മണ ആത്മാവിന്റെയും ബ്രാഹ്മണ ജീവിതത്തിന്റെ ആദ്യകാലം സ്നേഹത്തിന്റെ ശക്തിയിലൂടെ തന്നെയാണ് ഉണ്ടായിട്ടുള്ളത്. ബ്രാഹ്മണ ജന്മത്തിന്റെ ഈ സ്നേഹത്തിന്റെ ശക്തി വരദാനമായി മുന്നോട്ടു ഉയർത്തുകയാണ്. അപ്പോൾ ഇന്നത്തെ ദിവസം വിശേഷിച്ച് ബാബയുടെയും മക്കളുടെയും സ്നേഹത്തിന്റെ ദിവസമാണ്. ഓരോരുത്തരും തന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ മുത്തുകളുടെ വളരെയധികം മാലകൾ ബാപ്ദാദയെ അണിയിച്ചു. മറ്റു ശക്തികൾ ഇന്നത്തെ ദിവസം അപ്രത്യക്ഷമാണ്, എന്നാൽ സ്നേഹത്തിന്റെ ശക്തി പ്രത്യക്ഷമാണ്. കുട്ടികളുടെ സ്നേഹത്തിന്റെ സാഗരത്തിൽ ബാപ്ദാദയും ലൗലീനമാണ്.

ഇന്നത്തെ ദിവസം സ്മൃതി ദിവസം എന്ന് പറയുന്നു. സ്മൃതി ദിവസം കേവലം ബ്രഹ്മാ ബാബയുടെ സ്മൃതിയുടെ ദിവസമല്ല എന്നാൽ ബാപ്ദാദ പറയുന്നു ഇന്നും എപ്പോഴും ഇത് ഓർമ്മയുണ്ടായിരിക്കണം ബാപ്ദാദ ബ്രാഹ്മണ ജന്മം എടുത്തപ്പോൾ തന്നെ ആദി മുതൽ ഇപ്പോൾ വരെ എന്തെല്ലാം സ്മൃതികൾ നൽകിയിട്ടുണ്ടോ ആ സ്മൃതികളുടെ മാല ഓർമ്മിക്കൂ, വളരെ വലിയ മാലയാകും. ഏറ്റവും ആദ്യത്തെ സ്മൃതി എല്ലാവർക്കും ലഭിച്ചത് എന്താണ്? ആദ്യത്തെ പാഠം ഓർമ്മയില്ലേ! ഞാൻ ആര്! ഈ സ്മൃതി തന്നെയാണ് പുതിയ ജന്മം നൽകിയത്, മനോവൃത്തിയും ദൃഷ്ടിയും സ്മൃതി പരിവർത്തനപ്പെടുത്തി. ഇങ്ങനെയുള്ള സ്മൃതികൾ ഓർമ്മ വരുമ്പോഴേ ആത്മീയ സന്തോഷത്തിന്റെ തിളക്കം നയനങ്ങളിൽ മുഖത്ത് വന്നുചേരുന്നു. താങ്കൾ സ്മരിക്കുന്നു. ഭക്തർ മാല സ്മരിക്കുന്നു. ഒരേയൊരു സ്മൃതി തന്നെ അമൃതവേള മുതൽ കർമ്മയോഗിയാകുന്ന സമയത്തും വീണ്ടും വീണ്ടും ഓർമ്മിക്കുകയാണെങ്കിൽ സ്മൃതി സമർത്ഥ സ്വരൂപമാകുന്നു. എന്തുകൊണ്ടെന്നാൽ എങ്ങനെയാണോ സ്മൃതി അങ്ങനെ തന്നെ സമർത്ഥത സ്വതവേ വരുന്നു . അതിനാൽ ഇന്നത്തെ ദിവസത്തെ സ്മൃതി ദിവസം ഒപ്പമൊപ്പം സമർത്ഥ ദിവസം എന്നും പറയുന്നു. ബ്രഹ്മാബാബ മുന്നിൽ വരുമ്പോഴേക്കും ബാബയുടെ ദൃഷ്ടി പതിക്കുമ്പോഴേക്കും ആത്മാക്കളിൽ സമർത്ഥത വന്നുചേരുന്നു. എല്ലാവരും അനുഭവിയാണ്. എല്ലാവരും അനുഭവിയല്ലേ! സാകാര രൂപത്തിൽ കണ്ടതുപോലെയാകട്ടെ, അവ്യക്തരൂപത്തിന്റെ പാലനയാൽ പാലിക്കപ്പെട്ട് അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യുമ്പോൾ ആകട്ടെ, സെക്കൻഡിൽ ഹൃദയത്തിൽ നിന്നും ബാപ്ദാദാ എന്ന് പറഞ്ഞു, സമർത്ഥത സ്വതവേ വന്നു ചേരുന്നു. അതിനാൽ അല്ലയോ സമർത്ഥ ആത്മാക്കളെ ഇനി അന്യ ആത്മാക്കളെ തന്റെ സമർത്ഥതയിലൂടെ സമർത്ഥരാക്കൂ. ഉത്സാഹം ഇല്ലേ! അസമർത്ഥരെ സമർത്ഥരാക്കണ്ടേ! ബാപ്ദാദ കണ്ടു നാനാഭാഗത്തും ദുർബല ആത്മാക്കളെ സമർത്ഥരാക്കുന്നതിന്റെ ഉത്സാഹം നന്നായി ഉണ്ട്.

ശിവരാത്രിയുടെ പരിപാടി ആഘോഷമായി കൊണ്ടാടുകയാണ്. എല്ലാവർക്കും ഉത്സാഹം ഇല്ലേ! ഈ ശിവരാത്രിക്ക് അത്ഭുതം ചെയ്തു കാണിക്കും എന്ന് ആർക്കാണോ ഉത്സാഹം ഉള്ളത് അവർ കൈ ഉയർത്തു. ബഹളം ഇല്ലാതാക്കുന്ന അത്ഭുതം. ജയ ജയാരവം ഉണ്ടാകട്ടെ ആഹാ ആഹാ സമർത്ഥ ആത്മാക്കളെ ആഹാ! എല്ലാ സോണുകളും പരിപാടി ഉണ്ടാക്കിയല്ലോ! പഞ്ചാബും ഉണ്ടാക്കിയല്ലോ! നല്ലതാണ് അലയുന്ന ആത്മാക്കൾ, ദാഹിക്കുന്ന ആത്മാക്കൾ, അശാന്തആത്മാക്കൾ ഇങ്ങനെയുള്ള ആത്മാക്കൾക്ക് അഞ്ജലി നൽകു. എന്നാലും താങ്കളുടെ സഹോദരി സഹോദരന്മാരല്ലേ. അപ്പോൾ തന്റെ സഹോദരന്മാർക്കു മേൽ, തന്റെ സഹോദരിമാർക്ക് മേൽ ദയ തോന്നുന്നില്ലേ! നോക്കൂ ഇന്നത്തെ കാലത്ത് പരമാത്മാവിനെ ആപത്തിന്റെ സമയത്ത് ഓർമിക്കുന്നു എന്നാൽ ശക്തികളെ ദേവതകളിലും ഗണേശനെ ഹനുമാനെ മറ്റു ദേവതകളെക്കാൾ അധികം ഓർമിക്കുന്നു അപ്പോൾ അവർ ആരാണ്? താങ്കൾ തന്നെയല്ലേ! താങ്കളെ പതിവായി ഓർമ്മിക്കുന്നു. വിളിച്ചു കൊണ്ടിരിക്കുകയാണ് ഹേ ദയാലൂ കൃപാലൂ ദയ കാണിക്കൂ കൃപ കാണിക്കൂ അല്പം ഒരു സുഖ ശാന്തിയുടെ തുള്ളിയേകൂ. താങ്കളിലൂടെ ഒരു തുള്ളിക്കായി ദാഹിക്കുകയാണ്.

അപ്പോൾ ദു:ഖികളുടെ ദാഹിക്കുന്ന ആത്മാക്കളുടെ ശബ്ദം അല്ലയോ ശക്തികളെ ഹേ ദേവതകളേ നിങ്ങളിലേക്ക് എത്തുന്നില്ലേ! എത്തിച്ചേരുന്നില്ലേ? ബാപ്ദാദ നിലവിളി കേൾക്കുമ്പോൾ ശക്തികളെയും ദേവതകളെയും ഓർമിക്കുകയാണ്. അപ്പോൾ നല്ല പരിപാടി ദാദി ഉണ്ടാക്കിയിട്ടുണ്ട്, ബാബയ്ക്ക് ഇഷ്ടമാണ്. സ്മൃതി ദിവസം സദാ ഉള്ളത് തന്നെയാണ് എന്നാലും ഇന്നത്തെ ദിവസം സ്മൃതിയിലൂടെ സർവ്വ സമർത്ഥതകളും വിശേഷിച്ച് പ്രാപ്തമായി. ഇനി നാളെ മുതൽ ശിവരാത്രി വരെ നാനാഭാഗത്തേയും കുട്ടികളോട് ബാപ്ദാദ പറയുന്നു ഈ വിശേഷ ദിവസം ഇതേ ലക്ഷ്യം വെക്കൂ അധികം അധികം ആത്മാക്കൾക്ക് മനസാ, വാചാ, സംബന്ധ സമ്പർക്കത്താൽ ഏതെങ്കിലും വിധിയിലൂടെ സന്ദേശം ആകുന്ന അഞ്ജലി തീർച്ചയായും നൽകണം. തന്റെ പരാതി ഇറക്കി വയ്ക്കൂ. കുട്ടികൾ ചിന്തിക്കുകയാണ് ഇപ്പോൾ വിനാശത്തിന്റെ തീയതി കാണപ്പെടുന്നില്ല അപ്പോൾ എപ്പോഴെങ്കിലും പരാതി തീർക്കാം എന്ന്. എന്നാൽ അങ്ങനെയല്ല. അഥവാ ഇപ്പോൾ മുതൽ പരാതി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഈ പരാതിയും ലഭിക്കും താങ്കൾ ആദ്യം എന്തേ പറഞ്ഞില്ല. ഞങ്ങളും കുറച്ചെങ്കിലും ആയ്ത്തീരട്ടെ പിന്നീട് കേവലം അഹോ പ്രഭു എന്നെ പറയൂ അതിനാൽ അവർക്കും കുറേശ്ശെ സമ്പത്തിന്റെ അഞ്ജലി എടുക്കാൻ അനുവദിക്കൂ. അവർക്കും കുറച്ച് സമയം നൽകൂ. ഒരു തുള്ളിയ്ക്കായുള്ള ദാഹം ശമിപ്പിക്കൂ, ദാഹത്തിന് ഒരു തുള്ളിയും വളരെ മഹത്വമുള്ളതാകുന്നു. അപ്പോൾ ഇതല്ലേ പരിപാടി  നാളെ മുതൽ ബാപ്ദാദയും പച്ചക്കൊടിയല്ല പെരുമ്പറ മുഴക്കുകയാണ് ആത്മാക്കൾക്ക്, ഹേ തൃപ്ത ആത്മാക്കളേ സന്ദേശം നൽകൂ സന്ദേശം നൽകൂ . ഏറ്റവും കുറഞ്ഞത് ശിവരാത്രിക്ക് ബാബയുടെ ജന്മദിനത്തിന് വായ മധുരിപ്പിക്കാം  അതെ ഞങ്ങൾക്ക് സന്ദേശം ലഭിച്ചു എന്ന്. ഈ ദിൽഖുശ് മിഠായി എല്ലാവർക്കും കേൾപ്പിക്കൂ, കഴിപ്പിക്കൂ. സാധാരണ ശിവരാത്രിയല്ല ആഘോഷിക്കേണ്ടത്. എന്തെങ്കിലും അത്ഭുതം ചെയ്ത് കാണിക്കുക. ഉത്സാഹമുണ്ടോ? ആദ്യത്തെ വരിയ്ക്ക് ഉണ്ടോ? ധാരാളം ഘോഷമുണ്ടാക്കൂ. ഏറ്റവും കുറഞ്ഞത് ഇത് മനസിലാക്കട്ടെ  ശിവരാത്രിക്ക് ഇത്രയും വലിയ മഹത്വമുണ്ട്. നമ്മുടെ അച്ഛന്റെ ജന്മദിനമാണ്. കേട്ട് സന്തോഷം ആഘോഷിക്കട്ടെ.

ബാപ്ദാദ കണ്ടു അമൃത വേളയ്ക്ക് ഭൂരിപക്ഷത്തിന്റെയും ഓർമ്മയും ഈശ്വരീയ പ്രാപ്തികളുടെ ലഹരിയും വളരെ നന്നായുണ്ട്. എന്നാൽ കർമ്മയോഗിയുടെ സ്റ്റേജിലേക്ക് വരുമ്പോൾ അമൃതവേളയുടെ ആ ലഹരിയിൽ നിന്നും വ്യത്യാസം കാണുന്നു. കാരണം എന്താണ്? കർമ്മം ചെയ്തുകൊണ്ട് ആത്മബോധവും കർമ്മബോധവും രണ്ടും ഉണ്ടാവുന്നു. ഇതിന്റെ വിധിയാണ് കർമ്മം ചെയ്തു കൊണ്ട് ഞാൻ ആത്മാവ് എങ്ങനെയുള്ള ആത്മാവാണ് അതാണെങ്കിൽ അറിയാം ഏതെല്ലാം ഭിന്നഭിന്ന ആത്മാവിന്റെ സ്വമാനങ്ങൾ ലഭിച്ചിട്ടുണ്ടോ, ചെയ്യിക്കുന്ന ആളായി ഈ കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിക്കുകയാണ്. ഈ കർമ്മേന്ദ്രിയങ്ങൾ കർമ്മചാരിയാണ് എന്നാൽ കർമ്മചാരികളിലൂടെ കർമ്മം ചെയ്യിക്കുന്ന ഞാൻ ചെയ്യിക്കുന്നയാളാണ്, വേറിട്ടതാണ്. എന്താ ലൗകികത്തിൽ ഡയറക്ടർ തന്റെ ഒപ്പം ഉള്ളവരുമായി നിമിത്ത സേവനം ചെയ്യുന്നവരുമായി സേവനം ചെയ്യിച്ചുകൊണ്ട് ഡയറക്ഷൻ നൽകിക്കൊണ്ട് ഡ്യൂട്ടി എടുത്തു കൊണ്ട് മറക്കാറുണ്ടോ ഞാൻ ഡയറക്ടറാണ് എന്ന്? അപ്പോൾ അവനവനെ ചെയ്യിക്കുന്ന ശക്തിശാലി ആത്മാവാണ് എന്ന് മനസ്സിലാക്കി കൊണ്ട് കാര്യം ചെയ്യിക്കൂ. ഈ ആത്മാവും ശരീരവും അത് ചെയ്യുന്ന ആളാണ് അത് ചെയ്യിക്കുന്ന ആളാണ്. ഈ സ്മൃതി അപ്രത്യക്ഷമായി പോകുന്നു. താങ്കളെ എല്ലാവർക്കും പഴയ കുട്ടികൾക്ക് അറിയാം ബ്രഹ്മാബാബ ആരംഭത്തിൽ എന്ത് അഭ്യാസം നൽകിയിരുന്നു? ഒരു ഡയറി കണ്ടിരുന്നില്ലേ. എല്ലാ ഡയറിയിലും ഒരേ വാക്ക് ഞാനും ആത്മാവ്, യശോദയും ആത്മാവ്, ഈ കുട്ടികളും ആത്മാവാണ്, ആത്മാവാണ്, ആത്മാവാണ്..... ഈ അടിത്തറ സദാ അഭ്യാസം ചെയ്തു. അപ്പോൾ ആദ്യപാഠം ഞാൻ ആരാണ്? ഇതിന്റെ അഭ്യാസം പലതവണ വേണം. പരിശോധന വേണം, ഇങ്ങനെയല്ല ഞാൻ ആത്മാവ് തന്നെയാണല്ലോ. അനുഭവം ചെയ്യണം ഞാൻ ആത്മാവ് ചെയ്യിക്കുന്ന ആളായി കർമ്മം ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. ചെയ്യുന്നയാൾ വേറെ, ചെയ്യിക്കുന്നയാൾ വേറെ. ബ്രഹ്മാബാബയുടെ മറ്റൊരു അനുഭവവും കേട്ടിട്ടുണ്ട്  ഇത് കർമ്മേന്ദ്രിയങ്ങളാണ് കർമ്മചാരിയാണ്. അപ്പോൾ എന്നും രാത്രിയിൽ ഉള്ള കച്ചേരി കേട്ടിട്ടില്ലേ! അപ്പോൾ അധികാരിയായി ഈ കർമ്മേന്ദ്രിയങ്ങൾ ആകുന്ന കർമ്മചാരികളോട് വിശേഷങ്ങൾ ചോദിച്ചല്ലോ! ബ്രഹ്മ ബാബ ഈ അഭ്യാസം അടിത്തറ വളരെ പക്കയാക്കി, അതിനാൽ ഏതു കുട്ടികളാണോ അവസാനവും കൂടെ ഉണ്ടായത് അവർ എന്താണ് അനുഭവം ചെയ്തത്? ബാബ കാര്യങ്ങൾ ചെയ്തുകൊണ്ടും ശരീരത്തിൽ ഇരുന്നുകൊണ്ടും അശരീരി സ്ഥിതിയിൽ നടക്കുമ്പോഴും കറക്കുമ്പോഴും അനുഭവം ആയിക്കൊണ്ടിരുന്നു. കർമ്മത്തിന്റെ കണക്കും തീർക്കേണ്ടതുണ്ടായിരുന്നു, എന്നാൽ സാക്ഷിയായി സ്വയം കർമ്മത്തിന്റെ കണക്കിന് വശപ്പെട്ടതുമില്ല മറ്റുള്ളവരെയും കർമ്മകണക്കിന് തീർക്കുന്നതിനുള്ള അനുഭവം ചെയ്യിപ്പിച്ചു. താങ്കൾക്ക് മനസ്സിലായോ ബ്രഹ്മ ബാബ വ്യക്തമാവുകയാണ് മനസ്സിലായില്ലല്ലോ! അപ്പോൾ ഇത്രയും വേറിട്ട, സാക്ഷി, അശരീരി അർത്ഥം കർമ്മാതീത സ്ഥിതി വളരെ കാലമായി അഭ്യാസം ചെയ്തു അതാണ് അന്തിമത്തിലും അതേ സ്വരൂപം അനുഭവമായത്. ഈ വളരെക്കാലത്തെ അഭ്യാസം പ്രയോജനത്തിൽ വരുന്നു. അന്തിമത്തിൽ താനെ ദേഹബോധം വെടിയാം എന്ന്

ചിന്തിക്കരുത്. വളരെ കാലത്തെ അശരീരിയുടെ, ദേഹത്തിൽ നിന്ന് വേറിട്ട ചെയ്യിക്കുന്നയാളിന്റെ സ്ഥിതിയുടെ അനുഭവം വേണം. അവസാന കാലം ചെറുപ്പക്കാരാകട്ടെ, വൃദ്ധരാകട്ടെ, ആരോഗ്യശാലി ആകട്ടെ, രോഗിയാകട്ടെ ആർക്കും എപ്പോൾ വേണമെങ്കിലും വരാം. അതിനാൽ വളരെക്കാലത്തെ സാക്ഷി അഭ്യാസത്തിൽ ശ്രദ്ധ നൽകു. എത്രതന്നെ പ്രകൃതി ദുരന്തങ്ങൾ വന്നാലും പക്ഷേ ഈ അശരീരിയുടെ സ്റ്റേജ് താങ്കളെ സഹജമായും വേറിട്ടതും ബാബയുടെ സ്നേഹിയും ആക്കി തരും, അതിനാൽ വളരെ കാലം എന്ന വാക്കിനെ ബാപ്ദാദ അടിവരയിടുകയാണ്. **എന്തുതന്നെയായാലും മുഴുവൻ ദിവസത്തിൽ സാക്ഷി സ്ഥിതിയുടെ, ചെയ്യിക്കുന്നയാളെന്ന സ്ഥിതിയുടെ, അശരീരി സ്ഥിതിയുടെ അനുഭവം വീണ്ടും വീണ്ടും ചെയ്യു, അപ്പോൾ അന്തിമ ഗതി മാലാഖയിൽ നിന്ന് ദേവത നിശ്ചിതമാണ്.** ബാപ്സമാനം ആകണമെങ്കിൽ ബാബ നിരാകാരനും മാലാഖയുമാണ് ബ്രഹ്മാബാബയ്ക്ക് സമാനമാകുക അർത്ഥം മാലാഖ സ്ഥിതിയിൽ കഴിയുക. മാലാഖാരൂപം സാകാര രൂപത്തിൽ കണ്ടതുപോലെ കാര്യങ്ങൾ കേട്ടുകൊണ്ടും, കാര്യങ്ങൾ സംസാരിച്ചുകൊണ്ടും, ഉത്തരവാദിത്വങ്ങൾ ചെയ്തുകൊണ്ടും അനുഭവം ചെയ്തു ബാബ ശരീരത്തിലുണ്ടായിട്ടും വേറിട്ടതാണ്. കാര്യങ്ങളെല്ലാം വിട്ട് അശരീരിയാകുക ഇതാണെങ്കിൽ കുറച്ചു സമയം സാധിക്കും. പക്ഷേ കാര്യങ്ങൾ ചെയ്തു കൊണ്ട് സമയം എടുത്ത് അശരീരി ശക്തിശാലി സ്ഥിതിയുടെ അനുഭവം ചെയ്തുകൊണ്ടിരിക്കു. താങ്കൾ എല്ലാവരും മാലാഖകളാണ് ബാബയിലൂടെ ഈ ബ്രാഹ്മണ ജീവിതത്തിന്റെ ആധാരം എടുത്ത് സന്ദേശം നൽകുന്നതിന് വേണ്ടി സാകാരത്തിൽ കാര്യം ചെയ്തു കൊണ്ടിരിക്കു. മാലാഖ അർത്ഥം ദേഹത്തിൽ കഴിഞ്ഞുകൊണ്ട് ദേഹത്തിൽ നിന്ന് വേറിട്ടത്. ഈ ഉദാഹരണം ബ്രഹ്മാബാബയിൽ കണ്ടല്ലോ, ഇത് അസംഭവ്യമല്ല, കണ്ടു അനുഭവം ചെയ്തു. ആരുതന്നെ നിമിത്തം ആയാലും ഇപ്പോൾ വിസ്താരം കൂടുതലാണ് എന്നാലും എത്രത്തോളം ബ്രഹ്മാബാബയ്ക്ക് പുതിയ ജ്ഞാനം, പുതിയ ജീവിതം, പുതിയ ലോകം ഉണ്ടാക്കുന്നതിനുള്ള ഉത്തരവാദിത്തം ഉണ്ടായിരുന്നോ അത്രയും ഇപ്പോൾ ആർക്കും തന്നെ ഇല്ലല്ലോ. അപ്പോൾ എല്ലാവർക്കും ലക്ഷ്യമുണ്ട് ബ്രഹ്മാബാബയ്ക്ക് സമാനം ആകണം അതായത് മാലാഖ ആകണം. ശിവബാബയ്ക്ക് സമാനം ആകുക അർത്ഥം നിരാകാര സ്ഥിതിയിൽ സ്ഥിതിചെയ്യുക. ബുദ്ധിമുട്ടാണോ? ബാബയോടും ദാദയോടും സ്നേഹം ഇല്ലേ! അപ്പോൾ ആരോട് സ്നേഹം ഉണ്ടോ അവരെപ്പോലെ ആവുക, സങ്കല്പമെങ്കിലും ഉണ്ട് ബാപ്സമാനമാകുക തന്നെ വേണം എങ്കിൽ ഒരു ബുദ്ധിമുട്ടുമില്ല. കേവലം വീണ്ടും വീണ്ടും ജാഗ്രത. സാധാരണ ജീവിതമല്ല. സാധാരണ ജീവിതം ജീവിക്കുന്നവർ ധാരാളം ഉണ്ട്. വലിയ വലിയ കാര്യം ചെയ്യുന്നവർ ധാരാളം ഉണ്ട്. എന്നാൽ താങ്കളെപ്പോലെ കാര്യം താങ്കൾ ബ്രാഹ്മണ ആത്മാക്കൾക്ക് അല്ലാതെ മറ്റാർക്കും ചെയ്യാൻ സാധിക്കുകയില്ല.

അപ്പോൾ ഇന്ന് സ്മൃതി ദിവസത്തിൽ ബാപ്ദാദ സമാനതയിൽ സമീപം വരൂ,സമീപം വരൂ, സമീപം വരൂ എന്ന വരദാനം നൽകുകയാണ്. എല്ലാ പരിധിയുള്ള തീരങ്ങളും സങ്കല്പമാകട്ടെ, വാക്കാകട്ടെ കർമ്മം ആകട്ടെ സംബന്ധസമ്പർക്കം യാതൊരു പരിധിയിലുള്ള തീരവും **തന്റെ മനസ്സിന്റെ തോണിയെ ഈ പരിധിയിലുള്ള തീരങ്ങളിൽ നിന്ന് മുക്തമാക്കൂ**. ഇപ്പോൾ മുതൽ ജീവിച്ചു കൊണ്ടും മുക്തം ഇങ്ങനെയുള്ള ജീവിതമുക്തിയുടെ അലൗകിക അനുഭവം വളരെ കാലത്തേക്ക് ചെയ്യു. ശരി
നാനാഭാഗത്തെയും കുട്ടികളുടെ കത്തുകൾ ധാരാളം ലഭിച്ചു, മധുബൻകാരുടെ ക്രോധമുക്ത റിപ്പോർട്ട്, വാർത്തകളും ബാപ്ദാദയുടെ അടുക്കൽ എത്തിയിട്ടുണ്ട്. ബാപ്ദാദ ധൈര്യത്തിൻമേൽ സന്തോഷിക്കുന്നു, മുന്നോട്ടേക്ക് സദാ മുക്തമായിരിക്കുന്നതിന് വേണ്ടി സഹനശക്തിയുടെ കവചം അണിഞ്ഞു വയ്ക്കുക അപ്പോൾ എത്ര തന്നെ ആര് നിങ്ങൾക്കെതിരെ പ്രയത്നിച്ചാലും പക്ഷേ താങ്കൾ സദാ സുരക്ഷിതം ആയിരിക്കും.

ഇങ്ങനെ സർവ്വ ദൃഢസങ്കൽപധാരി, സദാ സ്മൃതി സ്വരൂപ ആത്മാക്കൾക്ക്, സദാ സർവ്വ സമർത്ഥതകളെയും സമയത്ത് കാര്യത്തിൽ ഉപയോഗിക്കുന്ന വിശേഷ ആത്മാക്കൾക്ക്, സദാ സർവ്വ ആത്മാക്കളെ പ്രതിയും ദയാമനസ്കരായ ആത്മാക്കൾക്ക് സദാ ബാപ്ദാദയ്ക്ക് സമാനമാകുന്നതിനുള്ള സങ്കല്പത്തെ സാധാരണ രൂപത്തിൽ കൊണ്ടുവരുന്ന ഇങ്ങനെയുള്ള വളരെ വളരെ വളരെ സ്നേഹിയും നിർമ്മോഹിയുമായ കുട്ടികൾക്ക് സ്നേഹ സ്മരണ, നമസ്തേ.
ഡബിൾ വിദേശികൾ : ഡബിൾ വിദേശികൾക്ക് ഡബിൾ ലഹരിയാണ്. എന്തുകൊണ്ടാണ് ഡബിൾ ലഹരി? എന്തെന്നാൽ മനസ്സിലാക്കുന്നു ബാബ ദൂര ദേശത്തേതല്ലേ, അങ്ങനെ ഞങ്ങളും ദൂരദേശത്തുനിന്ന് വന്നിരിക്കുകയാണ്. ബാപ്ദാദ ഡബിൾ വിദേശി കുട്ടികളുടെ ഒരു വിശേഷത കണ്ടു ദീപത്തിൽനിന്നും ദീപം കൊളുത്തിക്കൊണ്ട് അനേക ദേശങ്ങളിൽ ബാപ്ദാദയുടെ തെളിഞ്ഞ ദീപങ്ങളുടെ ദീപാവലി ആചരിച്ചു. ഡബിൾ വിദേശികൾക്ക് സന്ദേശം നൽകുന്നതിനുള്ള ലഹരി നന്നായി ഉണ്ട്. ഓരോ ഗ്രൂപ്പിലും ബാപ്ദാദ കണ്ടു 35 40 രാജ്യങ്ങളിൽ നിന്നുള്ളവരുണ്ട്. ആശംസകൾ. സദാ സ്വയം പറന്നുകൊണ്ടിരിക്കു, മാലാഖയായി പറന്നുപറന്ന് സന്ദേശം നൽകിക്കൊണ്ടിരിക്കു. നല്ലതാണ് താങ്കൾ 35 രാജ്യക്കാരെ ബാപ്ദാദ കാ

ണുന്നില്ല മറ്റ് ദേശക്കാരെ താങ്കൾക്കൊപ്പം കാണുകയാണ്. അപ്പോൾ നമ്പർ വൺ ബാപ്സമാനം ആകുന്നവരല്ലേ! നമ്പർ വൺ ആണോ അതോ യഥാക്രമം ആകുന്നവരാണോ? നമ്പർവൺ? യഥാക്രമം അല്ല? നമ്പർവൺ ആകുക അർത്ഥം ഒരു സമയവും ജയിക്കുന്നവർ. ആര് ജയിക്കുന്നുവോ അവർ വൺ ആകുന്നു. അപ്പോൾ ഇങ്ങനെയല്ലേ? വളരെ നല്ലത്. വിജയിയാണ് സദാ വിജയി ആയിരിക്കുന്നവർ. നല്ലത് എല്ലാവർക്കും എവിടെവിടെ പോയാലും അവിടെ സ്മൃതി നൽകുക എല്ലാ ഡബിൾ വിദേശികൾക്കും ഒന്നാം നമ്പർ ആകണം.

നല്ലത്. ബാപ്ദാദ എല്ലാ മാതാക്കൾക്കും ഗോപാലന്റെ പ്രിയ മാതാക്കൾക്ക് വളരെ വളരെ വളരെ ഹൃദയത്തിൽ നിന്നുള്ള സ്നേഹ സ്മരണ നൽകുകയാണ്, പിന്നെ പാണ്ഡവർ യുവാക്കൾ ആയാലും ഗൃഹസ്ഥരായാലും പാണ്ഡവർ സദാ പാണ്ഡവപതിയുടെ കൂട്ടായിരിക്കുന്നു. ഇങ്ങനെയുള്ള കൂട്ടുകാരായ പാണ്ഡവർക്കും ബാപ്ദാദ വളരെ വളരെ സ്നേഹ സ്മരണ നൽകുകയാണ്.

ദാദിജിയോട് : ഇന്നത്തെ ദിവസം എന്ത് ഓർമ്മ വരുന്നു? വിൽപവർ എല്ലാം ലഭിച്ചില്ലേ! വിൽപ്പവറുകളുടെ വരദാനം ഉണ്ട്. വളരെ നല്ല പാർട്ട് അഭിനയിച്ചതിന് ആശംസകൾ. എല്ലാവരുടെയും ആശീർവാദങ്ങൾ താങ്കൾക്ക് ധാരാളമുണ്ട്. താങ്കളെ കണ്ട് തന്നെയാണ് എല്ലാവരും സന്തോഷിക്കുന്നത് പറഞ്ഞാലും പറഞ്ഞില്ലെങ്കിലും. താങ്കൾക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ എല്ലാവരും ഇങ്ങനെ കരുതുന്നു നമുക്ക് സംഭവിച്ചിരിക്കുകയാണ്. ഇത്രയും സ്നേഹമാണ്. എല്ലാവർക്കും ഉണ്ട്. (എനിക്കും എല്ലാവരോടും വളരെ സ്നേഹമാണ് ) സ്നേഹമാണെങ്കിൽ എല്ലാവരോടും ധാരാളമുണ്ട്. ആ സ്നേഹം തന്നെ എല്ലാവരെയും നടത്തിക്കുന്നു. ധാരണ കുറവായാലും കൂടുതലായാലും പക്ഷേ സ്നേഹം നടത്തിക്കുകയാണ്. വളരെ നല്ലത്.

ഈശു ദാദിയോട് : ഇവരും കർമ്മക്കണക്ക് തീർപ്പാക്കി. ഒന്നുമില്ല. ഇവരുടെ സഹജപുരുഷാർത്ഥം, സഹജമായി കണക്ക് തീർന്നു. സഹജം തന്നെയായി മാറി ഉറങ്ങിക്കിടക്കവേ. വിശ്രമം ലഭിച്ചു വിഷ്ണുവിനെ പോലെ. നല്ലത്. സാകാര ബാബയുള്ള സമയത്തു നിന്നും ഇതുവരെയും യജ്ഞ രക്ഷകയായി. അപ്പോൾ യജ്ഞ രക്ഷകയാകുന്നതിലൂടെ ആശീർവാദങ്ങൾ ധാരാളമുണ്ടാകുന്നു.

എല്ലാ ദാദിമാരും ബാപ്ദാദയുടെ വളരെ വളരെ സമീപമാണ്. സമീപരത്നമാണ് ഏറ്റവും മൂല്യം ദാദിമാർക്കാണ്. സംഘടനയും നല്ലതാണ്. താങ്കൾ ദാദിമാരുടെ സംഘടന ഇത്രയും വർഷം യജ്ഞ രക്ഷ ചെയ്തു ഇനിയും ചെയ്തുകൊണ്ടിരിക്കും. ഈ ഏകത എല്ലാ സഫലതയുടെയും ആധാരമാണ്. (ബാബയാണ് നമ്മുടെ മദ്ധ്യം) ബാബയെ ഇടയ്ക്ക് വെച്ചിരിക്കുകയാണ്. ഈ ശ്രദ്ധ വളരെ നന്നായി നൽകിയിട്ടുണ്ട്. ശരി എല്ലാവരും നന്നായിരിക്കുന്നു.

## വരദാനം : സർവ്വ സംബന്ധങ്ങളിലൂടെയും ഒരു ബാബയെ തന്റെ കൂട്ടുകാരൻ ആക്കുന്ന സഹജപുരുഷാർത്ഥിയായി ഭവിക്കട്ടെ.

സ്വയം ബാബ സർവ്വ സംബന്ധങ്ങളിലൂടെയും കൂട്ടു നിറവേറ്റുന്നതിന്റെ ഓഫർ നൽകുന്നു. സമയത്തിനുസരിച്ചുള്ള സംബന്ധം വെച്ച് ബാബയുടെ കൂടെ കഴിയു ബാബയെ കൂട്ടുകാരനാക്കു. എവിടെയാണോ സദാ കൂട്ടും കൂട്ടുകാരനുമുള്ളത് അവിടെ യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. എപ്പോഴെങ്കിലും സ്വയം ഒറ്റയ്ക്കാണെന്ന് തോന്നുമ്പോൾ ആ സമയത്ത് ബാബയുടെ ബിന്ദു രൂപത്തെ ഓർമ്മിക്കാതിരിക്കു, പ്രാപ്തികളുടെ ലിസ്റ്റ് മുന്നിൽ കൊണ്ടുവരു, ഭിന്ന ഭിന്ന സമയത്തെ രമണിക അനുഭവത്തിന്റെ കഥകൾ സ്മൃതിയിൽ കൊണ്ടുവരു, സർവ സംബന്ധങ്ങളുടെയും രസം അനുഭവം ചെയ്യു എങ്കിൽ പരിശ്രമം സമാപ്തമാകും സഹജപുരുഷാർത്ഥിയായി മാറും.

## സ്ലോഗൻ – ബഹുരൂപിയായി മായയുടെ ബഹുരൂപങ്ങളെ തിരിച്ചറിയൂ എങ്കിൽ മാസ്റ്റർ മായാപതിയാകുന്നു.